**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5423** **24-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബാങ്കുകളുടെ ഹൗസിംഗ് ലോണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്വകാര്യ ബാങ്കുകൾ ഉയർന്ന പലിശയ്ക്ക് ഹൗസിംഗ് ലോണുകൾ സാധാരണക്കാർക്ക് നൽകുകയും, തിരിച്ചടവ് മുടങ്ങുമ്പോൾ കോടതി ഉത്തരവുമായി എത്തി വീട് ജപ്തി ചെയ്യുന്നത് പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്വകാര്യ ബാങ്കുകൾ സർഫാസി ആക്ടിന്റെ പിൻബലത്തോടെ കോടതി ഉത്തരവുമായി എത്തി വീട് ജപ്തി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം സ്വകാര്യ ബാങ്കുകളെ നിയന്ത്രിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഒരു കുടുംബത്തിന് അവരുടെ ഒരേയൊരു കിടപ്പാടം ഇല്ലാതാകുന്ന അവസ്ഥ സ്വാഭാവികമായ പൗരാവകാശത്തിന്റെ നിഷേധമാണ്. ജപ്തിനടപടികളുടെ ഭാഗമായി ഒരു വ്യക്തിക്കോ, കുടുംബത്തിനോ അവർക്ക് ആകെയുള്ള കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുതെന്ന് നിഷ്കർഷിക്കുന്ന വിധം കിടപ്പാടങ്ങൾ ജപ്തി ചെയ്യുന്നതിനെതിരെ നിയമനിർമ്മാണം നടത്തുന്ന കാര്യം 2021 മെയ് 20-ന് ചേർന്ന സർക്കാരിന്റെ ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽ തന്നെ പരിഗണിച്ചിരുന്നു. ഇതിനായുള്ള നിയമനിർമ്മാണ സാധ്യതയെക്കുറിച്ച് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ സെക്രട്ടറിതല സമിതിയെയും നിയമിച്ചിരുന്നു.<br><br>ഒരു കേന്ദ്ര നിയമമാകയാൽ ബാങ്കുകൾ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുമ്പോൾ ഈടുവയ്ക്കപ്പെട്ട സ്ഥാവര വസ്തുക്കൾ അവ ഏക പാർപ്പിടമായാൽ പോലും സർഫാസി നിയമപ്രകാരം ജപ്തിക്ക് വിധേയമായതിനാൽ അതിനുസൃതമല്ലാത്ത വകുപ്പ് ഉൾപ്പെടുത്തി നടത്താൻ നിയമനിർമ്മാണം സാധ്യമല്ല എന്നാണ് സമിതിയുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരുന്നത്.<br><br>തുടർന്ന് ഇക്കാര്യം നിയമവകുപ്പ് സെക്രട്ടറിയുമായും ഉദ്യോഗസ്ഥരുമായും വിശദമായി ചർച്ചചെയ്തിരുന്നു. കേന്ദ്ര നിയമത്തിനനുസൃതമല്ലാത്ത വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കി നിയമനിർമ്മാണം നടത്താമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന ആകാമെന്ന് അഭിപ്രായപ്പെട്ടു. അതേതുടർന്ന് പ്രധാനമായും നിശ്ചിത വരുമാനത്തിനു താഴെയുള്ള ജനവിഭാഗങ്ങൾക്ക് (പ്രധാനമായും ബി.പി.എൽ കുടുംബങ്ങൾ) ഏക പാർപ്പിടം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായാൽ അവ്ർക്ക് ഒരു നിശ്ചിത ധനസഹായം നൽകാനാകുമോ എന്ന നിലയ്ക്ക് സർക്കാരിന് എത്രത്തോളം ഇടപെടാൻ കഴിയുമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടന്നുവരുന്നു. |
| (സി) | ഇത്തരത്തിൽ കുടിയിറക്കപ്പെട്ടവരെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഒരു കുടുംബത്തിന് അവരുടെ ഒരേയൊരു കിടപ്പാടം ഇല്ലാതാകുന്ന അവസ്ഥ സ്വാഭാവികമായ പൗരാവകാശത്തിന്റെ നിഷേധമാണ്. ജപ്തിനടപടികളുടെ ഭാഗമായി ഒരു വ്യക്തിക്കോ, കുടുംബത്തിനോ അവർക്ക് ആകെയുള്ള കിടപ്പാടം നഷ്ടപ്പെടുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുതെന്ന് നിഷ്കർഷിക്കുന്ന വിധം കിടപ്പാടങ്ങൾ ജപ്തി ചെയ്യുന്നതിനെതിരെ നിയമനിർമ്മാണം നടത്തുന്ന കാര്യം 2021 മെയ് 20-ന് ചേർന്ന സർക്കാരിന്റെ ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽ തന്നെ പരിഗണി്ച്ചിരുന്നു. ഇതിനായുള്ള നിയമനിർമ്മാണ സാധ്യതയെക്കുറിച്ച് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ സെക്രട്ടറിതല സമിതിയെയും നിയമിച്ചിരുന്നു.<br><br>ഒരു കേന്ദ്ര നിയമമാകയാൽ ബാങ്കുകൾ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുമ്പോൾ ഈടുവയ്ക്കപ്പെട്ട സ്ഥാവര വസ്തുക്കൾ അവ ഏക പാർപ്പിടമായാൽ പോലും സർഫാസി നിയമപ്രകാരം ജപ്തിക്ക് വിധേയമായതിനാൽ അതിനുസൃതമല്ലാത്ത വകുപ്പ് ഉൾപ്പെടുത്തി നടത്താൻ നിയമനിർമ്മാണം സാധ്യമല്ല എന്നാണ് സമിതിയുടെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരുന്നത്.<br><br>തുടർന്ന് ഇക്കാര്യം നിയമവകുപ്പ് സെക്രട്ടറിയുമായും ഉദ്യോഗസ്ഥരുമായും വിശദമായി ചർച്ചചെയ്തിരുന്നു. കേന്ദ്ര നിയമത്തിനനുസൃതമല്ലാത്ത വകുപ്പുകൾ ഒഴിവാക്കി നിയമനിർമ്മാണം നടത്താമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന ആകാമെന്ന് അഭിപ്രായപ്പെട്ടു. അതേതുടർന്ന് പ്രധാനമായും നിശ്ചിത വരുമാനത്തിനു താഴെയുള്ള ജനവിഭാഗങ്ങൾക്ക് (പ്രധാനമായും ബി.പി.എൽ കുടുംബങ്ങൾ) ഏക പാർപ്പിടം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായാൽ അവ്ർക്ക് ഒരു നിശ്ചിത ധനസഹായം നൽകാനാകുമോ എന്ന നിലയ്ക്ക് |

| | | | |
|---|---|---|---|
| | | | സർക്കാരിന് എത്രത്തോളം ഇടപെടാൻ കഴിയുമെന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ